Item Code: 956 Participant Code: 023

# ഹൃദയത്തിൻ അകത്തളം

നുറുങ്ങിയൊടിയുന്നു പേശികൾ
ഉരുകിയൊലിക്കുന്നുയെൻ മേനി
ആർത്തനാദങ്ങളുണരുന്നു അനുനിമിഷം
ഒടുവിലതാ ആശ്വാസമുതിരാൻ പോകവേ

ആ ശ്വാസം വിഴുങ്ങി നിന്നു ഞാൻ
നരവർഗനവാതിഥി നിശബ്ദമായിരിക്കുന്നു
ചുറ്റുമുള്ള മാലാഖമാരിലും പരിഭ്രമം
അവർ തട്ടുന്നു മുട്ടുന്നു ഒരു തേങ്ങലിനായി...

അനക്കമില്ലാത്താ മൃദുമേനിയെന്നിൽ
കോളിളക്കം സൃഷ്ടിച്ചു...
പേശികളൊടിയുന്ന വേദനയിതാ
ഹൃദയത്തിൽ കഠിനമായി പ്രഹരിക്കുന്നു.

നിന്നിലെ മാതൃത്വം അനാഥമാകുന്നു-
വെന്നാരോ ചെവിയിലലറി വിളിക്കവേ
ബോധമണ്ഡലത്തിൽ മരവിച്ച് ബാധിച്ച്
അടയുകയായെൻ നേത്രങ്ങൾ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

മക്കൾവിട്ടകലവേ ഞാൻ പൂർണ്ണയാവുന്നില്ല
എവിടെയോ ഓടിയൊളിക്കുന്നുവെൻ ബോധം
മാതൃത്വത്തിൻ അപരിചിതത്വം
പ്രതിഫലിക്കുന്നുവെൻ ചെയ്തികളിൽ...

ഉദരത്തിൻ ഭാരം അപ്രത്യക്ഷമാകവേ
ചുറ്റും നിശബ്ദത പരക്കുന്നു...
ദുഗ്ധം നിറയേണ്ട മാറുകൾ
മാതൃത്വത്തിൻ അപരിചിതത്വത്തിൽ മുറുകുന്നു!

താരാട്ടുപാടേണ്ട ചുണ്ടുകളിലവൾ
തൻ ഗദ്ഗദം തടഞ്ഞ് നിർത്തുന്നു
മാതൃത്വത്തിൻ അനാഥത്വം അസഹ്യമാകവേ
തളർന്നുപോവുകയാണവൾ...

ചുറ്റുമുള്ളവർ പരിതപിക്കവേ
ഹൃദയത്തിനകത്തും എന്നോടാരോതു
നിന്നിലെ മാതൃത്വം അനാഥമല്ല,
അതിന്റെയവകാശി നിന്നിലെത്തിയില്ലെന്നുമാത്രം!

കൂടെയുള്ളവർ ആശ്വാസമേകിലും
ഒൻപതുമാസത്തെ കാത്തിരിപ്പുമാശയും
ഒറ്റ നാൾ പൊലിഞ്ഞു പോകവേ
ഉൾവലിയുകയാണവൾ അകത്തളത്തിലേക്ക്...

കുഞ്ഞുടുപ്പുകളും കിലുക്കുകളും
എൻ കണ്ണുകളെ നിറക്കവേ
എന്നിലെ എന്നെ കൈവിട്ടുപോകുന്നു
എൻ മാതൃത്വം മാത്രം തേടിയകലാൻ...

ചേതനയറ്റാ കുഞ്ഞുമേനി -
യെൻ മനസ്സിനെ ചുറ്റിനിൽക്കവേ
എനിക്കുപോലും ഞാൻ അപരിചിതയാകുന്നു...
എൻ കുഞ്ഞിനെ പരിചിതമാകുവാൻ ....

ഗാസതൻ പൈതങ്ങളുടെ നിലവിളി
ഒരു ദേശത്തെ പിടിച്ചുലക്കവേ
നിസ്സഹായരാമവർ പതിയേ
അപരിചിതരാകും പോൽ,

64-ാമത് കേരള സ്കൂൾ കലോത്സവം തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★

ഞാൻ അപരിചിതയാവുകയാണ്
മറ്റുള്ളവർക്ക് പരിചിതയാണെന്ന്
അഭിനയിച്ചുണർത്തുകിലും.
എന്നിലെ ഞാൻ അപരിചിതയാകുന്നു...

ഒറ്റപ്പെടലിലും, സങ്കടകടലിലും
ഒറ്റയ്ക്ക് തുഴയുവാൻ ശക്തി
ക്ഷയിക്കുമ്പോൾ അപരിചിതത്വം സ്വീകരിക്കുന്നവരിൽ
ഉൾവെട്ടുപോവുകയാണിന്ന് ഞാനും..!

അപരിചിതത്വം പെയ്ത്തിലൊതുങ്ങാതെ
മനസ്സിലും, ശരീരത്തിലും, വാക്കിലും,
ചിന്തയിലും വ്യാപിക്കുന്നു..
അനൊരാഗിയായി പടരുന്നു!

എനിക്ക് ഞാൻ അപരിചിതയായി
നടക്കുകിൽ തട്ടിതടയുന്നു---
എന്നാകിലും തോൽക്കുവാൻ
തയ്യാറാവാതെ നടക്കുക തന്നെ!..

× ——— × ——— ×

★ ഞാൻ, എൻ, അവൾ - അമ്മ.